"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - അനധികൃത ചെങ്കല്ല് ഖനനത്തിന് മലപ്പുറം ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക തവണകളായി ഒടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് ശ്രീ.ഹക്കീം കുരുണിയൻ, കുരുണിയൻ ഹൗസ്, കുരുണിയൻ പറമ്പ്, മാറ്റത്തൂർ.പി.ഒ, മലപ്പുറം സമർപ്പിച്ച അപേക്ഷ അനുവദിച്ച് ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

G.O.(Rt)No.377/2025/ID തീയതി,തിരുവനന്തപുരം, 03-04-2025

---

പരാമർശം:-

1. മലപ്പുറം ജിയോളജിസ്റ്റിന്റെ 15/07/2021 തീയതിയിലെ 46/2021-22/LS/DOM/M-3363/2007 നമ്പർ നടപടിക്രമം.
2. ശ്രീ.ഹക്കീം കുരുണിയൻ, കുരുണിയൻ ഹൗസ്, കുരുണിയൻ പറമ്പ്, മാറ്റത്തൂർ.പി.ഒ, മലപ്പുറം സമർപ്പിച്ച തീയതി വയ്ക്കാത്ത അപേക്ഷ
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 21.03.2025 തീയതിയിലെ ഡിഎംജി/524/2025-എം1 നമ്പർ കത്ത്.

**ഉത്തരവ്**

അനധികൃതമായി ചെങ്കല്ല് വെട്ടിയതിന് 2,53,230/- രൂപ ഒടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും ജപ്തി നോട്ടീസ് കിട്ടിയിരിക്കുകയാണെന്നും, തനിക്കു മുമ്പും പരാതിക്കാസ്പദമായ ഭൂമിയിൽ നിന്നും കല്ല് വെട്ടിയിട്ടുണ്ടെന്നും, എന്നാൽ തനിക്കു മാത്രമാണ് നോട്ടീസ് ലഭ്യമായിരിക്കുന്നതെന്നും, കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തി വിശ്രമത്തിലിരിക്കുന്ന തനിക്ക് ടി തുക ഒടുക്കുന്നതിന് സാമ്പത്തികമായി ബുദ്ധിമുട്ടാണെന്നും, ആയതിനാൽ പലിശയിൽ ഇളവ് നൽകി ഗഡുക്കളായി ഒടുക്കുന്നതിന് അനുമതി നൽകണമെന്നുമാവശ്യപ്പെട്ട് ശ്രീ.ഹക്കീം കുരുണിയൻ, കുരുണിയൻ ഹൗസ്, കുരുണിയൻ പറമ്പ്, മാറ്റത്തൂർ.പി.ഒ, മലപ്പുറം എന്ന വ്യക്തി പരാമർശം (2) പ്രകാരം സർക്കാരിൽ ഒരു അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. അപേക്ഷ സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിൽ ഒതുക്കുങ്ങൽ വില്ലേജിൽ സർവ്വെ നം.179/6 ൽ പ്പെട്ടതും ശ്രീ.കേശവൻ മൂസത്, കിഴക്കേപ്പാട്ട് ഇല്ലം, ഒതുക്കുങ്ങൽ മുതൽ 3 പേരുടെ കൈവശാവകാശത്തിലുള്ളതുമായ 50 സെൻറ് സ്ഥലത്ത് നിന്നും 400 മെ. ടൺ ചെങ്കല്ല് ഖനനം ചെയ്യുന്നതിനായി ശ്രീ.കെ.ഹക്കീം, S/o.അലവി, കുരുണിയൻ വീട്, മാറ്റത്തൂർ പോസ്റ്റ്, മലപ്പുറം എന്ന വ്യക്തിക്ക് 22.11.2006 തീയതിയിലെ 213/2006-07/LT/DOM/M-3425/2006 നമ്പരായി 04.02.2007 വരെ കാലാവധിയിലും, 400 മെ.ടൺ ചെങ്കല്ല് ഖനനം ചെയ്യുന്നതിനായി 12.02.2007 തീയതിയിൽ 376/2006-07/LT/DOM/M-764/2007 നമ്പരായി 22.04.2007 വരെ കാലാവധിയിലും 2 ക്വാറിയിംഗ് പെർമിറ്റുകൾ മലപ്പുറം ജില്ലാ ഓഫീസിൽ നിന്നും അനുവദിച്ചിരുന്നു. മേപ്പടി

സ്ഥലത്തെ ചെങ്കല്ല് ഖനനത്തിനെതിരെ ജില്ലാ ഓഫീസിൽ ലഭിച്ച പരാതിയുടേയും ടി സ്ഥലത്തേക്ക് ചെങ്കല്ല് ഖനാനനുമതിക്കായി ലഭിച്ച അപേക്ഷയുടേയും അടിസ്ഥാനത്തിൽ ടി സ്ഥലം 06.11.2007 തീയതിയിൽ മലപ്പുറം ജില്ലാ ഓഫീസിൽ നിന്നും പരിശോധിച്ചതിൽ ടി സ്ഥലത്ത് നിന്നും അനുമതി നൽകിയതിലും അധികമായി 12087 മെ.ടൺ ചെങ്കല്ല് ഖനനം ചെയ്ത് നീക്കിയതായി ബോധ്യപ്പെട്ടുകയുണ്ടായി. തുടർന്ന്, അധികമായി ഖനനം ചെയ്ത ചെങ്കല്ലിന്റെ റോയൽറ്റിയും പിഴയും സർക്കാരിലേക്ക് ഈടാക്കുന്നതിനായി സ്ഥലം ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തതിൽ ആയതിനെതിരെ സ്ഥലം ഉടമകൾ സർക്കാരിൽ സമർപ്പിച്ച അപ്പീലിൽ 02.12.2011 തീയതിയിൽ ജി.ഒ(ആർ.റ്റി) നം. 1512/11/വ്യവ നമ്പരായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ പെർമിറ്റ് കാലയളവിലാണ് അധികമായി ചെങ്കല്ല് ഖനനം ചെയ്തിട്ടുള്ളതെന്നതിനാൽ പെർമിറ്റ് ഉടമയായ ശ്രീ.ഹക്കീം എന്ന വ്യക്തിക്ക് പുതിയ ഡിമാന്റ് നോട്ടീസ് നൽകി ടി തുക സർക്കാരിലേക്ക് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉത്തരവാകുകയുണ്ടായി . ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഹക്കീമിന് 26.03.2012 തീയതിയിൽ ഡിഎം/എം-3363/2007 നമ്പരായി ഡിമാന്റ് നോട്ടീസ് നൽകി. ആയതിനെതിരെ ശ്രീ.ഹക്കീം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി (സി) നം.9247/2012 നമ്പരായ കേസിൽ ബഹു. ഹൈക്കോടതി 11.04.2012 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം പ്രകാരം തുടർനടപടികൾ സ്റ്റേ ചെയ്യുകയുണ്ടായി. മേൽ കേസിൽ ബഹു. ഹൈക്കോടതി 09.04.2021 തീയതിയിൽ പുറപ്പെടുവിച്ച അന്തിമ വിധിന്യായത്തിൽ പെറ്റീഷണർക്ക് നൽകിയ ഡിമാൻറ് നോട്ടീസ് കാരണംകാണിക്കൽ നോട്ടീസ് ആയി പരിഗണിച്ച് ടിയാനോട് ജിയോളജിസ്റ്റ് മുമ്പാകെ വിശദീകരണം നൽകുവാനും ടിയാനെ നേരിൽ കേട്ടശേഷം ഈ വിഷയത്തിൽ തീരുമാനമെടുക്കുവാനും ജിയോളജിസ്റ്റിനോട് നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഹക്കീം കുരുണിയൻ എന്നയാൾക്ക് 2 തവണ ഹിയറിംഗ് നോട്ടീസ് നൽകിയെങ്കിലും ടിയാൻ ഹിയറിംഗിന് ഹാജരാവുകയുണ്ടായില്ല. തുടർന്ന്, ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം ടിയാൻ ജില്ലാ ഓഫീസിൽ നൽകിയ വിശദീകരണം പരിശോധിക്കുകയും എന്നാൽ ടിയാന്റെ വാദങ്ങൾ തെളിയിക്കുന്നതിനാവശ്യമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ലാത്തതിനാൽ മേപ്പടി സ്ഥലത്ത് നിന്നും അധികമായി ഖനനം ചെയ്ത 12,087 മെ.ടൺ ചെങ്കല്ലിന്റെ റോയൽറ്റിയും പിഴയും ഇനത്തിൽ ആകെ 1,98,392/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) രൂപ മാത്രം സർക്കാരിലേക്ക് ഒടുക്കുന്നതിന് 15.07.2021 തീയതിയിൽ 46/2021-22/എൽഎസ്/ഡിഎം/എം-3363/2007 നമ്പരായി നടപടി ഉത്തരവ് നൽകുകയും ചെയ്തു. മേപ്പടി ഉത്തരവ് കൈപ്പറ്റിയിട്ടും തുക ഒടുക്കുവാൻ തയ്യാറാകാത്തതിനാൽ ടി റോയൽറ്റി കുടിശ്ശികയും 01.10.2021 മുതലുള്ള പലിശയും സഹിതം ആകെ 2,53,230/- (രണ്ട് ലക്ഷത്തി അമ്പത്തിമൂവായിരത്തി ഇരുന്നൂറ്റി മുപ്പത് രൂപ) മാത്രം സർക്കാരിലേക്ക് ഈടാക്കുന്നതിന് ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിലേക്കായി മലപ്പുറം ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറി റിക്വിസിഷൻ സമർപ്പിച്ചിരുന്നു. റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ച സാഹചര്യത്തിലാണ് ശ്രീ.ഹക്കീം കരുണിയൻ സർക്കാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സർക്കാർ ഉത്തരവിന്റെയും, ബഹു.കോടതി നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ മലപ്പുറം ജിയോളജിസ്റ്റ് ചട്ടപ്രകാരം നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കാത്തതിനെ തുടർന്നാണ് റവന്യൂ റിക്കവറി പ്രകാരം ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും സ്വീകരിച്ചത്. എന്നാൽ ജപ്തി നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുന്നതിന് താൻ തയ്യാറാണെന്നും

എന്നാൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയെ തുടർന്ന് സാമ്പത്തികമായി ബുദ്ധിമുട്ടിലായതിനാൽ, ടി തുക തവണകളായി ഒടുക്കുന്നതിന് അനുമതി നൽകണമെന്നുമുള്ള ഹർജിക്കാരന്റെ അപേക്ഷ പരിഗണിച്ച് അനധികൃത ചെങ്കൽ ഖനനത്തിന് ഹർജിക്കാരനിൽ നിന്നും ഈടാക്കേണ്ടതായ 2,53,230/- രൂപ 2023 ലെ കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 115 പ്രകാരം പരമാവധി 6 തുല്യ മാസ ഗഡുക്കളായി ഒടുക്കുന്നതിന്, മാസഗഡു അടയ്ക്കുന്നതിന് വീഴ്ച വരുത്തിയാൽ പിന്നീട് ഗഡുക്കളായി അടയ്ക്കുന്നതിന് അവസരം നഷ്ടമാകുമെന്ന വ്യവസ്ഥയിൽ ശ്രീ.ഹക്കീം കുരുണിയൻ, കുരുണിയൻ ഹൗസ്, കുരുണിയൻ പറമ്പ്, മാറ്റത്തൂർ.പി.ഒ, മലപ്പുറം എന്ന വ്യക്തിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
DEPUTY SECRETARY

ശ്രീ.ഹക്കീം കുരുണിയൻ, കുരുണിയൻ ഹൗസ്, കുരുണിയൻ പറമ്പ്, മാറ്റത്തൂർ.പി.ഒ, മലപ്പുറം
ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
ജിയോളജിസ്റ്റ്, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 03-04-2025 10:54:54